# ഹൂത്തോമ്മാ

**പരിഭാഷകൻ:**

**വെണ്ണിക്കുളം സി. പി. ചാണ്ടി**

പ്രസാധകൻ:

**സിറിയൻ തിയോളജിക്കൽ സെമിനാരി പ്രഫസർ**
**വട്ടക്കുന്നേൽ വി. കെ മാത്യു കശ്ശീശാ ബി. എ., ബി. ഡി.**

**1947**

കല്പന നമ്പർ 1.

The Orthodox Syrian Church Of the East

ശ്ലീഹായിയ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ ബസ്സേലിയോസ്സ് കാതോലിക്കാ

(മുദ്ര)

വിശുദ്ധ കുർബ്ബാനയുടെ അവസാനത്തിൽ ചൊല്ലിവരുന്ന ഹൂത്തോമ്മായുടെ ഈ വിവർത്തനം ഉപയോഗിക്കുന്നതിന് നാം അനുവദിച്ചിരിക്കുന്നു.

സുറിയാനി സെമിനാരി,
കോട്ടയം.
3-1-1123 (ഒപ്പ്)

വിശുദ്ധ കുർബ്ബാനയുടെ അന്ത്യത്തിൽ ഉപയോഗിക്കുന്ന ഹൂത്തോമ്മാ ഗാനത്തിന്റെ ഈ മലയാള വിവർത്തനം നാം പരിശോധിച്ചു. സുറിയാനി മൂലത്തിന്റെ ആശയത്തിന് ഒട്ടും ഭംഗമില്ലാതെ സുഖമായി പാടത്തക്കവണ്ണം ഇതിന്റെ രചയിതാവായ വെണ്ണിക്കുളം സി. പി. ചാണ്ടി ഇതിനെ ഭംഗിയായിച്ചെയ്തിട്ടുണ്ട്.

വൈദികസെമിനാരി,
കോട്ടയം
16-11-1122 മാർ തീമോത്തിയോസ് (ഒപ്പ്)



## മാർ യാക്കോബിന്റെ രാഗം

I

### സ്ലീബാപ്പെരുനാൾ

1. പരമോന്നതമാം പദമതിലമരും പരനാം ദേവാ!
കൃപനിറയും നിൻ തിരുനയനത്താൽ സൂക്ഷിക്കണമേ;
ചേർത്തീടണമേ ഞങ്ങളെ ദിവ്യ സ്ലീബാത്തണലിൽ,
താവക കൃപയിപ്പൂജകനിവഹേ വർഷിക്കണമേ.

### സ്തോത്രം

2. സ്തോത്രം സർവ്വം വായ്കളശേഷം നൽകും, ഞങ്ങൾ
നിൻ താതന്നും വിമലാത്മന്നും സ്തുതിപാടീടും;
എൻ കർത്താവേ! നിന്തിരുഗാത്രം ഭക്ഷിച്ചോരാ-
മിപ്പാപികൾ തൻ ദുഷ്കൃതമഖിലം മോചിക്കണമേ.

### അനുതാപം - മരിച്ചവർ

3. കഴുകീടണമേ കറകളെയെല്ലാം തിരുസോപ്പായാൽ;
ഓർത്തീടരുതേ കർത്താവേ! നീ ഞങ്ങടെ പിഴകൾ;
ശോകം നിറയും ലോകനിവാസം വിട്ടുപിരിഞ്ഞോ-
ർക്കേകുക മോദം ശോഭനമാകും ശാശ്വത ഗേഹേ.

### കൂദശ് ഈത്തോ - ഹൂദോസ് ഈത്തോ - പട്ടംകൊട

4. സഭയുടെ ഭിത്തിയെ ബലവത്താക്കുക ശിലമേൽ നിർത്തി;
നായകരായോരിടയന്മാരെക്കാക്കുക ശക്ത്യാ;
ആചാര്യന്മാർ ശെമ്മാശ്ശന്മാർ യൗപ്പദുയകിനർ
കോറൂയന്മാരെന്നിവരേ നീ ശോഭിപ്പിക്ക.

### സാധാരണം

5. താങ്ങുക വൃദ്ധരെ, നിർമ്മലരാക്കുക പുരുഷന്മാരെ,
ശക്തിയുവാക്കൾക്കേകീടണമേ വീര്യം നൽകി;
സൗമ്യതയുള്ളോരാക്കിത്തീർക്കുക നാരികളേ നീ,
ശിശുബാലകരെപ്പോഷണമേകിപ്പാലിക്കണമേ.

### രോഗികൾ-അഗതികൾ

6. രോഗാർത്തന്മാർക്കേകുക സൗഖ്യം, ക്ഷീണന്മാർക്കായ്
ക്ഷേമം നൽകിബ്ബലമറ്റവരെത്താങ്ങീടണമേ;
ക്ഷുത്തുള്ളോരിൽ തൃപ്തി വരുത്തുക, തിരുസമ്പത്താൽ
ദീനന്മാർക്കും ഗതിയറ്റോർക്കും ശ്രീയരുളണമേ.

### യുദ്ധം-ക്ഷാമം-സാംക്രമികരോഗം-വിപ്ലവം

7. ജീവപ്രദമാം തിരുനാമത്തേയോർക്കുന്നതിനാൽ
ഇവിടെയുമെങ്ങും നിന്നുടെ കോപം നീക്കീടേണമേ;
അടിമയുമടരും പശിയും മൃതിയും മായിച്ചിവിടം
മതിലെന്നോണം വലയം ചെയ്യുക താവകശാന്ത്യാ.

### ശുദ്ധിമാന്മാർ-ശുദ്ധിമതികൾ മുതലായവർ (8-16)

8. നിർമ്മലമാതാ കന്യകമറിയം, നിന്നവതാരം
മന്നിതിലെങ്ങും മുനന്നറിയിച്ചൊരു നിബിയന്മാരും,
നീതിയതാം രവി തന്നുടെ നികടേ മദ്ധ്യാഹ്നത്തിൽ
മിന്നും താരകയോഹന്നാനും പ്രാർത്ഥിക്കുന്നു.

9. "മോറോനീശോ! യിപ്പിഴയോർക്ക"ല്ലിങ്ങനെ തന്മേൽ
കല്ലെറിവോർക്കായ് പ്രാർത്ഥിച്ചോനാം സ്തേപ്പാനോസ്സും,
പന്തീരറുവർ, പന്തിരുശിഷ്യർ, മൂന്നൊരുനൂറും
പത്തോടെട്ടും താതന്മാരും പ്രാർത്ഥിക്കുന്നു.

10. വ്യഥയേറ്റോരാം നീതിപ്രിയരൊത്താചാര്യന്മാർ,
സഹദേന്മാരും മർദ്ദനമേറ്റോർ മൗദ്യാനന്മാർ,
സത്യനിദേശം സഭയിൽ പോറ്റിപ്പാഷണ്ഡതയേ
മായിച്ചോരാം മല്പാന്മാരും പ്രാർത്ഥിക്കുന്നു.

11. നോമ്പാലീറേർക്കതിശയമേറ്റിയൊരിഗ്നാത്തീയോസ്,
പരനേസ്സുകൃതാൽ പ്രീണിപ്പിച്ചോൻ ദീയസ്ക്കോറോസ്,
മുഴുപകൽ മുന്തിരിവിളയെ നനച്ചു കിളച്ചിഹകളയേ
നീക്കിയ ബാസ്സേൽ, ഗ്രീഗോറിയോസ്, പ്രാർത്ഥിക്കുന്നു.

12. സംഗീതത്താൽ സഭയെയുയർത്തിയ സേവേറീയോസ്,
പരിഭാഷകളാലുണർവുണ്ടാക്കിയൊരീവാനിയോസ്,
മെമ്രാപാടിയ മാറപ്രേമും മാർയാക്കൂബും
വ്രതതല്പരനാം ബർസൗമായും പ്രാർത്ഥിക്കുന്നു.

13. നീരിനെ മുന്തിരിരസമായ് മാറ്റിയ യൂഹാനോനും
നിജധൂപത്താൽ മൃതിയെ വിലക്കിയൊരാഹൂദീമും
ഗുഹകളിൽ മേവിയമത്തായ് സക്കായ് തൽസ്നേഹിതരാം
അബറാഹാമും ദാനീയേലും പ്രാർത്ഥിക്കുന്നു.

14. മഹിയെ വെറുത്തോൻ മാർബഹനാമും സോദരിസാറാ,
മകുടം മോറാൻ നല്കിയ നാല്പതു സഹദേന്മാരും,



ആഴിയിലേ ഹിമമേറ്റൊരു സഹദേർ, സർഗ്ഗിസുബാക്കോസ്,
ശ്മൂനിസുതന്മാരെലയാസാറും പ്രാർത്ഥിക്കുന്നു.

15. ദുർവ്വഹപീഡയെ ലഘുവായ് കരുതിയ മാർ ഗീവറുഗീസ്,
പാഷാണ്ഡതയെ ദ്വേഷിച്ചവനാം തേവോദോറോസ്,
സാത്താനെത്തൻ പോരാട്ടത്താൽ പാറിച്ചോനാം
കുറിയാക്കോസ്സും യൂലീത്തീയും പ്രാർത്ഥിക്കുന്നു.

16. ജനകരിൽ നിന്നും മൃതിസംതൃപ്ത്യാഭരമേറ്റോരായ്
പ്രതിമതകർത്തോർ ശില്പിതനൂജൻ സോദരിശൂശാൻ,
ശാശ്വതലോകേ വാസം ചെയ്‌വാൻ മൃതിയേറ്റിടുമെ-
ന്നോതിയ സൈനോ, സോദരിസാറാ, പ്രാർത്ഥിക്കുന്നു.

### സാധാരണം

17. സുപ്രിയമൊടു നിൻകല്പനകാത്തോരേവരുടേയും,
ജനതതിയിതിനെ ബ്‌ഭരണം ചെയ്യും താതന്റേയും,
സഹജരുടേയും റബികളുടേയും പ്രാർത്ഥനയാലേ-
യാദ്രതതോന്നികൃപചെയ്യണമേ തുണചെയ്യണമേ.

### മാർ യാക്കോബിന്റെ രാഗം

## II

### സാധാരണം

18. എൻദേവേശാ! എൻദേവേശാ! നീയൊരുവൻ താൻ
മരണവിഹീനൻ സ്ഫടികരഥസ്ഥാ! പരമോന്നതനേ!
യോബുസുഗിരിമേൽ ദാവീദരചൻ തൻ യാഗംപോൽ
കൈയ്ക്കൊള്ളണമേ യേശുക്രിസ്താമിക്കുറുബാന.

### പെസഹാ-ദുഃഖശനിയാഴ്ച-കൃംതാ

19. ഉയിരുള്ളോർക്കും മൃതരായോർക്കും ഗതിയാകുന്നോൻ
മാളികതന്നിൽ ശിഷ്യസമേതം പെസഹഭുജിച്ചു;
കുരിശിന്മീതെ തീത്തൂസിന്നായ് താക്കോലേകി;
മൃതരുടെ മദ്ധ്യേ മൂന്നുദിനം വാണതിഥിയ്ക്കൊപ്പം.

### പെസഹാ

20. മർക്കോസ്സിന്റെ ഗൃഹമതിലെല്ലാപ്പഴമകളേയും
നിറവേറ്റിത്താൻ മൃഗബലിയേയാരാത്രിയിൽ നീക്കി;
നൂതനനിയമം നിഖിലവുമെഴുതിത്തന്നിലയത്തിൽ
കൈതവമേറും പാഷാണ്ഡതയെപ്പാടെപോക്കി.

### ജനനപ്പെരുനാൾ

21. മശിഹാമന്നൻ ജാതം ചെയ്തൊരു ഗുഹതൻദ്വാരേ,
മൃതിമശിഹായിൽ പ്രാപിച്ചോരെപ്രതിപൊതുവായി,
പൊടിയൊടുസമനും നിന്ദിതമണ്ണും ഹീനനുമാം ഞാൻ
പരിമളമിയലും പ്രശമനബലിയേയർപ്പിച്ചല്ലോ.

### ഊശാന-ഹേവോറേ-മറുരൂപം

22. ശിഷ്യസമേതം ക്ഷീണിതനെപ്പോൽ സംശയഹീനം
സ്നേഹാകുലനായ് നിർമ്മലമധുവും മീനുമശിച്ചാൻ;
ഊശാനദിനേസീയോൻ തെരുവിൽ കഴുതയിലേറി;
താബോർമലമേൽ തട്ടിനുതുല്യം ശിബിരമുയർത്തി.

### മാർ അപ്രേമിന്റെ രാഗം

### (1)

### സാധാരണം (1-8)

1. കരളലിവേറീടും താതാ!-നിരുപമകരുണാസാഗരമേ!
ദിനമിതിലങ്ങേയ്ക്കർപ്പിച്ചോ-രിത്തിരുബലിയെക്കൈക്കൊൾക.

2. പരിപീഡാനിഹതൻഹാബേൽ-നൗകയിൽ നീതിപരൻ നോഹ
കർമ്മേൽ മലമേലേലീയാ-യെന്നിവർ തൻ സ്വീകൃത ബലിപോൽ.

3. സുതതനുരക്തരഹസ്യമതാ-മപ്പം വീഞ്ഞിവയർപ്പിച്ച
പൗരോഹിത്യപദസ്ഥിതനാം-മല്ക്കിസദേക്കിൻ ബലിപോലെ.

4. ഭാഗ്യ മഹാനിധിയബറാഹാം-വാഗ്ദത്താത്മജനിസഹാക്ക്
ധന്യശിരോമണി യാക്കോബെ-ന്നിവരർപ്പിച്ചൊരു ബലിപോലെ.

5. യബുസായന്റെ കളത്തറയിൽ-കർത്താവേ! തിരുഹിതമാർന്ന
ക്ഷിതിപാലകനിബി ദാവീദിൻ-പരിപാവനമാം ബലിപോലെ.

6. നിർദ്ധനയാമാവിധവയുടെ-ചില്ലിക്കാശിനു തുല്യമതായ്
നിന്തിരുസഭയുടെ സുതരതിൽനി-ന്നിത്തിരുബലിയെകൈയ്ക്കൊൾക.

7. വൈദിക താതരുമതിധന്യ-ശ്ലീഹരുമർപ്പിച്ചതുപോലെ
അഗതികളടിയാരർപ്പിച്ച-ബലികാഴ്ചകളിൽ തെളിയണമേ.

8. തൽ കാഴ്ചകളിൽ പ്രീതിയൊടേ-മോചിക്കുക കടഭാരങ്ങൾ
വേദനയാറ്റിസ്സുഖമേറ്റി-ക്കറകളെയെല്ലാം മായിയ്ക്ക.



### നേർച്ചക്കുർബ്ബാന

9. നേർച്ചദശാംശം റീശീസാ-യെന്നിവയിൽ തിരുവുളമാക.
ആൺപെൺമക്കളെ സംരക്ഷി-ച്ചാർദ്രതതോന്നണമേ മൃതരിൽ.

### ദൈവമാതാവ്

10. മഹിമാനായകനീശോയാം-സത്യപരൻതൻ മാതാവായ്
നിർമ്മലകന്യക ധന്യവതി-മറിയാമിൻ പ്രാർത്ഥനയാലേ

### സ്ലീബാ

11. നീതീകരണം തന്നരുളി ദുഷ്ടൻ മൃതിയിവകളിൽ നിന്നും
രക്ഷിച്ചാദ്യപദംചേർത്ത-മശിഹാതൻ സ്ലീബായാലേ.

12. റൂഹാതൻ നിശ്വസനമെഴും-നിബിയന്മാർ ശ്ലീഹന്മാരും
ബലിയായൊരു സഹദേന്മാരും-നീതിപ്രിയരും പ്രാർത്ഥിപ്പൂ.

13. വിശ്വാസത്തിനു ബഹുമഹിമാ-വേകിയതാതർ വിശുദ്ധന്മാർ
പരിശുദ്ധാംഗനമാർ സത്യ-സുന്നഹദോസ്സുകളർത്ഥിപ്പൂ.

### സാധാരണം

14. വൈദിക സജ്ജന സംഘമതാ-മീയുള്ളോരഖിലരിൽ നിന്നും
താതസുതാമലറൂഹായ്ക്കു-സ്തുതിയും പുകഴും കാദീശും.

15. വാഴ്ത്തുക ഞങ്ങളെ ദേവേശാ! കാത്തരുളുക നിർമ്മാതാവേ!
കർത്താവേ! തുണയായവനേ! കാണിക്കണമേ ജീവവഴി.

### മാർ അപ്രേമിന്റെ രാഗം

### (2)

### ദൈവമാതാവ്

16. ശുദ്ധിശുചിത്വങ്ങളിലൊരുപോൽ-ശ്രീയും പക്വതയും നിറയും
വാഴ്വുകളേറിയ ഭാഗ്യവതി-മാതാവിൻ പ്രാർത്ഥനയാലേ.

### സ്ലീബാ

17. ജീവസുതൻ ക്രൂശിതനായി-ശ്ശോണിതവും ജലവും വാർത്തു-
ലോകത്തേ മോചിപ്പിച്ച-സ്ലീബാ തൻ വീര്യത്താലെ.

### സാധാരണം

18. അബറാഹാമോടിസഹാക്കും-യാക്കോബെന്നീത്താതന്മാർ
രാജ്യാത്മജ ധർമ്മിഷ്ഠന്മാ-രിവർതൻ സ്വീകൃത ബലിപോലെ.

## ആദ്യവിളവ്

19. കർത്താവേ! കുറുബാനയിതും-നേർച്ചദശാംശങ്ങളുമേറ്റ്
വാഴ്ത്തുക വേലകളോടൊപ്പം-തോപ്പുകൾവിത്തുകളെന്നിവയെ.

20. വാഴ്ത്തുക ഞങ്ങളെ ദേവേശാ!-കാത്തരുളുക നിർമ്മാതാവേ!
കർത്താവേ! തുണയായവനേ!-കാണിക്കണമേ ജീവവഴി.

21. ഉൽകൃഷ്ടമതിദീനരുമാം-സ്ത്രീപുരുഷന്മാരേവർക്കും
സംഘത്തോടെ സമസ്ഥിതിയിൽ-കർത്ത്യവരംസിദ്ധിക്കട്ടെ.

22. മാർ യൂഹാനോൻസ്നാപകനും-ശെമ്മാശ്ശൻ സ്തേപ്പാനോസ്സും
ഭാഗ്യമെഴും ബർസൗമായും-സച്ചരിതൻ സേവീറേയും.

23. അഗ്നിപ്രഭനിഗ്നാത്തേയോസ്-അന്തോണീയോസ് വിശ്രുതനാം
ഗ്രീഗോറീയോസ്സുന്നതനാം-ബാസ്സേലും പ്രാർത്ഥിക്കുന്നു.